**Appendix - 44**

**കേരള സർക്കാർ**

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ്- ഹയർ സെക്കന്ററി വിദ്യാഭ്യാസം/ വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം -ദേശീയ/ദക്ഷിണ മേഖല/സംസ്ഥാനതല ബാലശാസ്ത്ര കോൺഗ്രസിൽ പങ്കെടുത്ത് വിജയികളാകുന്ന ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്ക് ഗ്രേസ്മാർക്കനുവദിച്ച്- ഉത്തരവാകുന്നു.

==========================================================================

**പൊതു വിദ്യാഭ്യാസ (യു) വകുപ്പ്.**

**സ.ഉ ( എം.എസ്) നം. 216/12/പൊ.വി.വ. തീയതി. തിരുവനന്തപുരം, 05/07/2012.**

==========================================================================

പരാമർശം: 1. 02/03/2009 ലെ സ.ഉ (കൈ) നം.34/09/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
2. കുമാരി. ഭാവന, കുമാരി. ലക്ഷ്മി എന്നിവരുടെ 09/03/12-ാം തീയതി പ്രകാരം സമർപ്പിച്ച നിവേദനം.
3. ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 05/03/12, 07/05/12 എന്നീ തീയതികളിലെ ഇ.എക്സ്.VIII (2)/001660-2/41-2012 നമ്പർ കത്തുകൾ.

<u>**ഉത്തരവ്**</u>

ദേശീയ ബാലശാസ്ത്ര കോൺഗ്രസിൽ പങ്കെടുത്ത് വിജയികളാകുന്ന സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കനുവദിക്കണമെന്നഭ്യർത്ഥിച്ച് കുമാരി. ഭാവന, കുമാരി. ലക്ഷ്മി എന്നിവർ പരാമർശം (2) പ്രകാരം നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി.

2) പരാമർശം (1) സർക്കാർ ഉത്തരവുപ്രകാരം നാഷണൽ സയൻസ് എക്സിബിഷന് ഗ്രേസ് മാർക്ക് അനുവദിക്കുന്ന അതേ ക്രമത്തിൽ ബാലശാസ്ത്ര കോൺഗ്രസിൽ പങ്കെടുക്കുന്ന ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്കും ഗ്രേസ് മാർക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനെ അറിയിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ ബാലശാസ്ത്ര കോൺഗ്രസിൽ സംസ്ഥാനതലത്ത് പങ്കെടുത്ത് വിജയികളാകുന്ന സംസ്ഥാനത്തെ ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് താഴെപറയും പ്രകാരം ഗ്രേസ്മാർക്കനുവദിച്ച് സർക്കാർ ഉത്തരവാകുന്നു.

1. സംസ്ഥാന തലത്തിൽ പങ്കെടുത്ത് വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് A,B,C ഗ്രേഡുകൾക്ക് യഥാക്രമം 5%, 4%, 3% എന്നിങ്ങനെ ഗ്രേസ്മാർക്ക് അനുവദിക്കേണ്ടതാണ്.

(..2)

2. ദക്ഷിണേന്ത്യാതലത്തിൽ പങ്കെടുത്ത് വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് A,B,C ഗ്രേഡുകൾക്ക് യഥാക്രമം 15%, 13%, 11% എന്നിങ്ങനെ ഗ്രേസ് മാർക്ക് അനുവദിണ്ടേതാണ്.
3. ദേശീയ തലത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് 15% ഗ്രേസ് മാർക്ക് അനുവദിക്കേണ്ടതാണ്.

ടി ഉത്തരവ് 2013 മാർച്ച് മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എം. തോമസ്.**
**ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി.**

ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം/ എറണാകുളം /കോഴിക്കോട്.
അസിസ്റ്റന്റ് ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം, കൊല്ലം/ ചെങ്ങന്നൂർ/ എറണാകുളം/തൃശ്ശൂർ/കുറ്റിപ്പുറം/വടകര/പയ്യന്നൂർ (വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം).
ഡയറക്ടർ, വിവര& പൊതുജന സമ്പർക്ക വകുപ്പ് (ആവശ്യമായ പ്രചാരണത്തിനായി).
എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും (ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം).
എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും (വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം).
പൊതു വിദ്യാഭ്യാസം (ടി/എസ്.സി) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

Tomul

**സെക്ഷൻ ഓഫീസർ.**